ചെർപ്പുളശ്ശേരി നഗരസഭ

# ചെർപ്പുളശ്ശേരി നഗരസഭകാര്യാലയം
## ചെർപ്പുളശ്ശേരി (പി.ഒ), പാലക്കാട് ജില്ല,പിൻ: 679 503
## ഫോൺ: 04662 282238

തിയതി: 22/02/2020

## ക്വട്ടേഷൻ/ലേല പരസ്യം

01/04/2020 മുതൽ 31/03/2021 വരെ കാലത്തേക്ക് ചെർപ്പുളശ്ശേരി നഗരസഭ ബസ് സ്റ്റാൻഡിൽ വന്നു പോകുന്ന വാഹനങ്ങളിൽ നിന്നും നിശ്ചിത നിരക്കിലുള്ള ഫീസ് പിരിക്കുന്നതിനുള്ള അവകാശവും, നഗരസഭ ബസ് സ്റ്റാൻഡിലുള്ള കക്കൂസ്, മൂത്രപ്പുര എന്നിവ ഉപയോഗിക്കുന്നവരിൽ നിന്ന് നിശ്ചിത ഫീസ് പിരിക്കുന്നതിനുള്ള അവകാശവും, 09/03/2020 ൽ രാവിലെ 11.00 ന് ചെർപ്പുളശ്ശേരി നഗരസഭ ഹാളിൽ വെച്ച് പരസ്യമായി ലേലം ചെയ്തു നൽകുന്നതാണ്. കുടാതെ സീൽ ചെയ്ത ക്വട്ടേഷനുകൾ 9/03/2020 രാവിലെ 10.30 മണിവരെ നഗരസഭ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ക്വട്ടേഷൻ ഓരോന്നിനും വെവ്വേറെ ക്വട്ടേഷനുകൾ തരേണ്ടതും, ലേലം കഴിഞ്ഞതിനുശേഷം ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. ലേലത്തിലോ ക്വട്ടേഷനിലോ ഏറ്റവും കുടുതൽ വിളിച്ച/ക്വാട്ട് ചെയ്ത ആളുടെ പേരിൽ ക്വട്ടേഷൻ /ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതായിരിക്കും. ലേലം ഭാഗികമായോ പൂർണമായോ നിർത്തിവെക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്

ലേലത്തിൽ പങ്കെടുക്കുന്നവർ കെട്ടിവെക്കേണ്ട നിരതദ്രവ്യം

1) ബസ് സ്റ്റാന്റ് പിരിവ് 15000/- രൂപ

2) കക്കുസ്/മൂത്രപ്പുര ഫീസ് പിരിവ് അവകാശം 10000/- രൂപ

സെക്രട്ടറി

Scanned with CamScanner

# ലേല നിബന്ധനകൾ

1) സാധാരണ ഗതിയിൽ ഏറ്റവും കുടുതൽ സംഖ്യക്ക് വിളിച്ച ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതാണ്. ആദ്യത്തെ വിളി നഗരസഭ നിശ്ച യിക്കുന്നതാണ്

2) ബസ് സ്റ്റാന്റ് അവകാശവും, കക്കൂസ്, മൂത്രപ്പുരഫീസ് പിരിവ് അവകാശവും ലേലം കൊണ്ടആൾ ലേലതുകയുടെ 1/3 ഭാഗം പലിശരഹിത ഡെപ്പോസിറ്റായി അപ്പോൾ തന്നെ നഗരസഭയിൽ കെട്ടിവയ്ക്കുകയും സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്യേണ്ടതാണ്. 200 രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി എഴുതി ഒപ്പിട്ടു നൽകേണ്ടതും ആണ്

3) നിശ്ചിത സമയത്തിനകം നിബന്ധനകൾ പാലിച്ച് ഏറ്റെടുക്കാതെ വരുന്ന പക്ഷം മറ്റൊരറിയിപ്പും കൂടാതെ ടി ആളുടെ പേരിലുള്ള ലേലം റദ്ദാക്കുന്നതും ടി ആളുടെ നിരദ്രവ്യം നഗരസഭ ഫണ്ടിലേക്ക് കണ്ടുകെട്ടുന്നതുമാണ്.

4) ലേലം കൊണ്ടയാൾ പ്രസ്തുത സ്ഥലവും പരിസരവും വൃത്തയായി സൂക്ഷി ക്കേണ്ടതാണ്. അവയോടുനുബന്ധിച്ച് നഗരസഭയുടെ മുൻകൂട്ടിയുള്ള അനു മതിയില്ലാതെ യാതൊരുവിധ എടുപ്പുകളോ, വെച്ച്കെട്ടലുകളോ, കൂട്ടിച്ചേർക്കലു കളോ പാടുള്ളതല്ല.

5) വൈദ്യുതി, വെള്ളം മുതലായവയുടെ എല്ലാവിധചാർജ്ജുകളും ലേലം കൊണ്ടയാൾ വഹിക്കേണ്ടതാണ്.

6) ലേലം കൊണ്ടയാൾ ആയവ മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല

7) കംഫർട്ട് സ്റ്റേഷനുകളിൽ സമയാസമയങ്ങളിൽ വരുന്ന തടസ്സങ്ങൾ നീക്കൽ തുടങ്ങി ചെറുകിട അറ്റകുറ്റപ്പണികൾ കരാറുകാർ സ്വന്തം ചിലവിലും ഉത്തരവാദി ത്വത്തിലും നിർവ്വഹിക്കേണ്ടതാണ്

Scanned with CamScanner

8) ലേല നിബന്ധനകൾക്ക് വിരുദ്ധമായും, ന്യായരഹിതമായും പ്രവർത്തിക്കുന്നതായാൽ കരാർ ദുർബ്ബലപ്പെടുത്തി ആയവ പുനർലേലം നടത്തുന്നതിന് നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആയതിന് വന്നേക്കാവുന്ന എല്ലാവിധ നഷ്ടങ്ങൾക്കും ടിയാൻ ഉത്തരവാദിയായിരിക്കുന്നതുമാണ്

9) ലേലം കൊണ്ട ആളുടെ അനാസ്ഥയാൽ നഗരസഭ വസ്തുവകകൾക്ക് ഏതെങ്കില്ലും തരത്തിൽ ഉണ്ടാകാവുന്ന കേടുപാടുകൾക്ക് ടിയാൻ ഉത്തരവാദിയായിരിക്കുന്നതും അപ്രകാരമുള്ള കേടുപാടുകൾ ടിയാൻ സ്വന്തം ചെലവിൽ ചെയ്തുതരേണ്ടതുമാണ് അങ്ങിനെ ചെയ്യാത്തപക്ഷം കേടുപാടുകൾ തീർക്കുന്നതിന് നഗരസഭയ്ക്ക് ചെലവ് വരുന്ന സംഖ്യ ലേലം കൊണ്ട ആളിൽ ~~ലേലത്തിൽ~~ നിന്ന് വസൂൽ ചെയ്യുന്നതിന് നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

10) വല്ല പ്രത്യക സാഹചര്യത്തിൽ കരാറിന്റെ നിശ്ചിത കാലവധിക്ക് മുമ്പ് കരാർ അവസാനിപ്പിക്കണമെന്ന് നഗരസഭയ്ക്ക് തോന്നുന്ന പക്ഷം ആയത് ലേലം കൊണ്ട ആളെ 30 ദിവസത്തിന് മുമ്പ് രേഖമൂലം അിറയിപ്പ് നൽകുന്നതും ആയതിന്റെ പേരിൽ യാതൊരു തർക്കവും അവകാശവും ഉന്നയിക്കാതെ കരാറുക്കാരൻ ഒഴിഞ്ഞു തരേണ്ടതുമാണ്

11) ഏതെങ്കിലും തരത്തിൽ നഗരസഭയിലേക്ക് കുടിശ്ശികയുള്ളവരോ, നഗരസഭയ്ക്കെതിരെ കോടതി നടപടികൾ എടുത്തിട്ടുള്ളവരോ ലേലത്തിൽ പങ്കുകൊളളാൻ പാടുള്ളതല്ല. നഗരസഭയെ തെറ്റിദ്ധരിപ്പിച്ച് ലേലത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ ആയത് നഗരസഭയിൽ നിന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം ടിയാന്റെ കരാർ നഗരസഭ ദുർബ്ബലപ്പെടുത്തുന്നതാണ്

12) ചെർപ്പുളശ്ശേരി നഗരസഭകെട്ടിടങ്ങൾ വാടയ്ക്ക് കൊടുക്കുന്നതു സംബന്ധിച്ച് ബൈലോയിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും

13) ഹർത്താൽ, പണിമുടക്ക്. പ്രകൃതിക്ഷോഭം മുതലായവ മൂലം ഉണ്ടാക്കുന്ന തടസ്സങ്ങൾക്ക് നഗരസഭ ഉത്തരവാദിയായിരിക്കുന്നതല്ല.

14) മേൽ കാണിച്ച് ഏതെങ്കിലും നിശ്ചയങ്ങളോ നഗരസഭ നിയമങ്ങളുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ചട്ടങ്ങളോ, കാലകാലങ്ങളിൽ സർക്കാരോ, നഗരസഭ

Scanned with CamScanner

നടപ്പിലാക്കുന്ന നിബന്ധനകളോ കരാറുകാരൻ ലംഘിച്ചാൽ ആ വക ഓരോ ലംഘനത്തനും യുക്തമെന്ന് തോന്നുന്ന കൽപ്പിക്കാനോ, ലേലക്കാരന്റെ അമാനത്തു സംഖ്യ പിഴയായി പിടിച്ച് കരാർ ദുർബ്ബലപ്പെടുത്തി പുനർലേലം നടത്തുവനോ നഗരസഭയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതും ആയതിൽ നഗരസഭയ്ക്ക് വല്ല നഷ്ടവും ഉണ്ടായാൽ ആയതിന് കരാറുകാരനും അയാളുടെ സ്വത്തുകളും ഉത്തരവാദിയായിരിക്കുന്നതാണ്

15) ബസ് സ്റ്റാന്റിൽ വന്നു പോകുന്ന ബസ്സുകൾക്ക് 15/- രൂപ നിരക്കിലും കക്കൂസിന് 2/- രൂപ നിരക്കിലും മൂത്രപ്പുരയ്ക്ക് 1/- രൂപ നിരക്കിലും മാത്രം ചാർജ്ജ് ഈടാക്കേണ്ടതാണ്. കെ എസ് ആർ ടി സി ബസ്സുകൾക്ക് ഫീസ് ഈടാക്കാവുന്നതല്ല.

16) ലേലം നിജപ്പെടുത്തിയിരിക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ ഓഫീസിന് അവധിയായൽ തൊട്ടടുത്ത പ്രവൃത്തദിവസം ഈ പറഞ്ഞ സമയത്ത് തന്നെ ലേലം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് നഗരസഭ ഓഫീസിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

17) ലേലം കൊള്ളുന്നയാൾ നിയമാനുസൃതമുള്ള നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്

സെക്രട്ടറി
ചെർപ്പുളശ്ശേരി നഗരസഭ

Scanned with CamScanner